**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2273** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിലവിലെ വാർഡുകളുടെയും വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ: വാർഡ് വിഭജനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നുണ്ട്.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ (അംഗസംഖ്യ) കുറഞ്ഞതും കൂടിയതുമായ എണ്ണം നിലവിലുള്ളതിൽ നിന്നും ഒന്ന് വീതം വർദ്ധിപ്പിക്കുന്നതിന് 09.07.2024-ലെ 18/ ലെഗ്.സി3/2024 നിയമം (അസാധാരണ ഗസറ്റ് നമ്പർ 2233 തീയതി.10.07.2024) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 09.07.2024-ലെ 23/ലെഗ്.സി1/2024 നിയമം (അസാധാരണ ഗസറ്റ് നമ്പർ.2227 തീയതി.10.07.2024) പ്രകാരം 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്തു.<br><br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡുകളുടെ അതിർത്തി പുനർ-നിർണ്ണയിക്കുന്നതിനായി 15.06.2024-ലെ സ.ഉ.(അച്ചടി) നം.36/2024/LSGD (അസാധാരണ ഗസറ്റ് നമ്പർ.1904, എസ്.ആർ.ഒ. നമ്പർ. 513/2024) പ്രകാരം ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.<br>06.09.2024-ലെ LSGD/PD/24269/2024-EER1 നമ്പർ അസാധാരണ ഗസറ്റ് നമ്പർ 2888 തീയതി.07.09.2024) പ്രകാരം സംസ്ഥാനത്തെ എല്ലാ ത്രിതല പഞ്ചായത്തുകളുടെയും, 10.09.2024-ലെ സ.ഉ.(അച്ചടി)നം.49/2024/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ. 813/2024, അസാധാരണ |

| | | | |
|---|---|---|---|
| | | | ഗസറ്റ് നമ്പർ. 2920 തീയതി.11.09.2024) പ്രകാരം സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും പുതുക്കിയ അംഗസംഖ്യ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; | (ബി) | സംസ്ഥാനത്ത് നിലവിലുള്ള ഗ്രാമ പഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമ പഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരസ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തേണ്ട ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശിപാർശകൾ സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി വിവിധ ഘട്ടങ്ങളിൽ വിശദമായ പഠനങ്ങളും വിലയിരുത്തലുകളും നടത്തി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റി രൂപീകരണവും അതിർത്തി പുനർനിർണ്ണയവും നിലവിൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.<br><br>സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ ആകെ സ്ഥാനങ്ങളുടെ (അംഗസംഖ്യ) കുറഞ്ഞതും കൂടിയതുമായ എണ്ണം നിലവിലുള്ളതിൽ നിന്നും ഒന്നു വീതം വർദ്ധിപ്പിച്ച വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിലും 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ അടിസ്ഥാനപ്പെടുത്തിയുമാണ് സംസ്ഥാനത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡുകളുടെ എണ്ണം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത തീരുമാനം മൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ; | (സി) | ഉണ്ട്. 2011 സെൻസസ് പ്രകാരമുള്ള ജനസംഖ്യാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തേണ്ടതുണ്ട്; എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും വാർഡുകളുടെ അതിർത്തി പുനർ-നിർണ്ണയിക്കുന്നതിനായി ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്, ഡീലിമിറ്റേഷൻ കമ്മീഷന്റെ ചെലവുകൾ സർക്കാർ വഹിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും നിയമാനുസരണം പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ഡി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 4, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 4 എന്നിവയിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും ബാധകമായ വ്യവസ്ഥകൾ വിശദമാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയവും പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും നിലവിൽ പരിഗണനയിൽ ഇല്ല. |
| (ഇ) | എന്തെല്ലാം മാനദണ്ഡങ്ങളാണ് ഇതിനായി സ്വീകരിച്ചത്; മാനദണ്ഡങ്ങൾക്ക് രൂപം നൽകിയതാരാണ്; ഇതിനായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; | (ഇ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 4, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 4 എന്നിവയിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും ബാധകമായ വ്യവസ്ഥകൾ വിശദമാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയവും പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും നിലവിൽ പരിഗണനയിൽ ഇല്ല. |
| (എഫ്) | പുതിയ തദ്ദേശ സ്ഥാപനങ്ങൾ എന്നു മുതൽ നിലവിൽ വരുമെന്ന് വെളിപ്പെടുത്താമോ? | (എഫ്) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 4, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 4 എന്നിവയിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും രൂപീകരണത്തിനും ബാധകമായ വ്യവസ്ഥകൾ വിശദമാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയവും പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ